**HADIA CSE Khutba Notes (07.02.2020)**

ലൗ ജിഹാദ്, നിർബന്ധിത മതപരിവർത്തനം: ഇസ്ലാം എന്തു പറയുന്നു?

ഇടക്കിടെ ശത്രുക്കൾ ഇസ്ലാമിനെ അടിക്കാൻ ഉപയോഗിക്കുന്ന രണ്ടു ആരോപണങ്ങളാണ് നിർബന്ധിത മതപരിവർത്തനവും ലൗ ജിഹാദും. മുമ്പും ഇപ്പോഴും ചില ഭരണാധികാരികൾ അമുസ്ലിംകളെ നിർബന്ധിച്ച് ഇസ്ലാമിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ടെന്നതാണ് നിർബന്ധിത മതപരിവർത്തനം. മുസ്ലിം ചെറുപ്പക്കാർ അമുസ്ലിം യുവതികളെ പ്രേമം നടിച്ച് ഇസ്ലാമിലേക്ക് കൊണ്ടുവരുന്നുണ്ടെന്നതാണ് ലൗ ജിഹാദ്. ഇവരണ്ടും നടന്നിട്ടുണ്ടോ ഇല്ലയോ എന്നത് അവിടെ നിൽക്കട്ടെ. ഇങ്ങനെ പ്രീണിപ്പിച്ചും ഭീഷണിപ്പെടുത്തിയും ആളുകളെ ഇസ്ലാമിലേക്ക് കൊണ്ടുവരുന്നതിനെപ്പറ്റി ശരീഅത്ത് എന്തു പറയുന്നു എന്ന് നമുക്ക് പരിശോധിക്കാം. അടിസ്ഥാനപരമായി നമ്മളും ശത്രുക്കളും ഒരുപോലെ അറിയേണ്ട ഒരു കാര്യം, നിർബന്ധിച്ച് ഇസ്ലാമിലേക്ക് കൊണ്ടുവരിക എന്നുള്ള ഒന്നിന് യാതൊരു അസ്ഥിത്വവും ഇല്ല എന്നതാണ്. കാരണം, മുസ്ലിം എന്നതിന്റെ അർഥം സമർപിച്ചവൻ എന്നാണ്. അഥവാ, സർവലോകരക്ഷിതാവിന്റെ മുമ്പിൽ തന്റെ സർവസ്വവും സമർപിച്ച് അവന് വഴിപ്പെട്ട് നടക്കുന്നവൻ. ഇത് ബലാൽക്കാരമായോ മറ്റോ നടക്കുന്ന ഒന്നല്ല. മറിച്ച് ഉള്ളിൽ നിന്ന് ആത്മാർഥമായി വരേണ്ട ഒന്നാണ്. ഖുർആനിൽ ഇക്കാര്യം പരാമർശിക്കുന്ന മൂന്നു സ്ഥലങ്ങളിലും വഹുവ മുഹ്സിനുൻ (ആത്മാർഥതയോടെ) എന്ന് അല്ലാഹു പ്രത്യേകം പറഞ്ഞത് അതുകൊണ്ടാവാം.

**بَلَى مَنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ فَلَهُ أَجْرُهُ عِنْدَ رَبِّهِ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (البقرة)**
**وَمَنْ أَحْسَنُ دِينًا مِمَّنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ وَاتَّبَعَ مِلَّةَ إِبْرَاهِيمَ حَنِيفًا وَاتَّخَذَ اللَّهُ إِبْرَاهِيمَ خَلِيلًا (النساء)**

**وَمَنْ يُسْلِمْ وَجْهَهُ إِلَى اللَّهِ وَهُوَ مُحْسِنٌ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى وَإِلَى اللَّهِ عَاقِبَةُ الْأُمُورِ(لقمان)**

ഇക്കാര്യം ഇതിനെക്കാൾ വ്യക്തമായി മറ്റൊരിടത്ത് ഖുർആൻ പറഞ്ഞിട്ടുണ്ട്.

**لَا إِكْرَاهَ فِي الدِّينِ قَدْ تَبَيَّنَ الرُّشْدُ مِنَ الْغَيِّ فَمَنْ يَكْفُرْ بِالطَّاغُوتِ وَيُؤْمِنْ بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى لَا انْفِصَامَ لَهَا (البقرة) { لا إِكْرَاهَ فِي الدِّينِ } أي: لا تكرهوا أحدًا على الدخول في دين الإسلام فإنه بين واضح جلي دلائله وبراهينه لا يحتاج إلى أن يكره أحد على الدخول فيه، بل من هداه الله للإسلام وشرح صدره ونور بصيرته دخل فيه على بينة، ومن أعمى الله قلبه وختم على سمعه وبصره فإنه لا يفيده الدخول في الدين مكرها مقسورًا (ابن كثير)**

ഈ ആയത്ത് ഇറങ്ങാൻ നിരവധി പശ്ചാതലങ്ങൾ പറയപ്പെട്ടിട്ടുണ്ട്. എല്ലാറ്റിന്റെയും ചുരുക്കം ഒന്നാണ്, ആരെയും നിർബന്ധിച്ച് ദീനിലേക്ക് കൊണ്ടുവരേണ്ട കാര്യമില്ല.

**عن ابن عباس قوله: { لا إِكْرَاهَ فِي الدِّينِ } قال: نزلت في رجل من الأنصار من بني سالم بن عوف يقال له: الحصيني كان له ابنان نصرانيان، وكان هو رجلا مسلمًا فقال للنبي ﷺ: ألا أستكرههما فإنهما قد أبيا إلا النصرانية؟ فأنزل الله فيه ذلك (ابن كثير)**

**وقال الشعبي : قالت الأنصار : والله لنكرهن أولادنا على الإسلام ، فإنا إنما جعلناهم في دين اليهود إذ لم نعلم ديناً أفضل منه ، فنزلت هذه الآية . والثاني : أن رجلاً من الأنصار تنصّر لهو ولدان قبل أن يبعث النبي ﷺ ، ثم قدما المدينة ، فلزمهما أبوهما ، وقال : والله لا أدعكما حتى تسلما ، فأبيا ، فاختصموا إلى النبي ﷺ ، فنزلت هذه الآية . هذا قول مسروق . والثالث : أن ناساً**

**HADIA CSE Khutba Notes (07.02.2020)**

ലൗ ജിഹാദ്, നിർബന്ധിത മതപരിവർത്തനം: ഇസ്ലാം എന്തു പറയുന്നു?

**كانوا مسترضعين في اليهود ، فلما أجلى رسول الله ﷺ ، بني النضير ، قالوا : والله لنذهبن معهم ، ولندينن بدينهم ، فمنعهم أهلوهم ، وأرادوا إكراههم على الإسلام ، فنزلت هذه الآية . والرابع : أن رجلاً من الأنصار كان له غلام اسمه صبيح ، كان يكرهه على الإسلام ، فنزلت هذه الآية (زاد المسير) نزلت فيمن كان له من الأنصار أولاد أراد أن يكرههم على الإسلام (جلالين)**

അങ്ങനെ നിർബന്ധിച്ച് ആളുകളെ ഇസ്ലാമിലേക്ക് കൊണ്ടുവരാമെങ്കിൽ അത് ആദ്യം ചെയ്യേണ്ടത് പ്രവാചകൻ (സ) തന്നെ ആയിരുന്നു. പിതൃവ്യൻ അബൂത്വാലിബ് മുസ്ലിമാവാൻ അതിയായി ആഗ്രഹിച്ചിട്ടും അവിടന്ന് അതിന് നിർബന്ധിച്ചില്ലല്ലോ. മറിച്ച് സ്നേഹപുരസ്സരം ആവശ്യപ്പെടുക മാത്രമാണ് ചെയ്തത് (ഖസ്വസ് 56). ഇത് നുബുവ്വത്തിന്റെ തുടക്കകാലത്തുള്ള സംഭവമാണ്. എന്നാൽ തങ്ങൾക്ക് എല്ലാ അധികാരങ്ങളും ഉണ്ടായിരുന്ന മക്കവിജയ ദിവസത്തിലും പ്രവാചകൻ(സ) ഒരാളെയും ഇസ്ലാം സ്വീകരിക്കാൻ നിർബന്ധിച്ചിട്ടില്ല. ഒരുപക്ഷേ, നിർബന്ധിച്ചിരുന്നെങ്കിൽ ശത്രുക്കളിൽ പലരും അന്ന് വിശ്വാസികളാകുമായിരുന്നു. ഇതേചര്യ സ്വഹാബത്തും പിന്തുടർന്നു. ഒരിക്കൽ ഉമർ (റ) പ്രായമുള്ള ഒരു ക്രിസ്ത്യൻ പെണ്ണിനോട് ഇസ്ലാം സ്വീകരിക്കാൻ പറഞ്ഞുവത്രേ!

**بن أسلم عن أبيه قال: سمعت عمر بن الخطاب يقول لعجوز نصرانية: اسلمي أيتها العجوز تسلمي، إن الله بعث محمدا بالحق. قالت: أنا عجوز كبيرة والموت إلى قريب! فقال عمر: اللهم اشهد، وتلا" لا إِكْراهَ فِي الدِّينِ" (قرطبي)**

ഇങ്ങനെ, മതത്തിൽ ബലാൽക്കാരമില്ലാത്തത് കൊണ്ടാണ് പ്രവാചകൻമാരുടെ ഉത്തരവാദിത്തം കേവലം സന്ദേശ പ്രചാരണം (ബലാഗ്) മാത്രമായത്. ഇക്കാര്യം ഖുർആനിൽ പത്തോളം സ്ഥലങ്ങളിലെങ്കിലും പരാമർശിക്കപ്പെട്ടിട്ടുള്ളതാണ് (ആലു ഇംറാൻ 20, മാഇദ 92, നഹൽ 35). ഇനി നാം മറ്റൊരു കാര്യവും കൂടി ചിന്തിക്കുക; എന്തിനാണ് ബലാൽക്കാരമായോ പ്രേമം നടിച്ചോ – ശത്രുക്കൾ പറയുന്നത് പോലെ – നാം ആളുകളെ ഇസ്ലാമിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നത്? ലോകത്ത് ധാരാളം മുസ്ലിംകൾ ഉണ്ടാവാനും മുസ്ലിംകളുടെ അംഗസംഖ്യ വർധിക്കാനും അല്ലേ! അങ്ങനെ ഒരു നേട്ടം അല്ലാഹു തന്നെ ആഗ്രഹിക്കുന്നില്ല. ലോകത്തെ എല്ലാവരും ഒറ്റയടിക്ക് മുസ്ലിംകളോ അമുസ്ലിംകളോ ആയാൽ രണ്ടും അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം സമമാണ്. വളരെ പ്രശസ്തമായ ഒരു ഖുദ്സി ഹദീസ് ഉണ്ടല്ലോ,

**يا عبادِي ، لو أنَّ أوَّلَكم وآخرَكم وإنْسَكم وجِنَّكم ، كانوا على أتْقَى قلب رجل واحدِ منكم ، ما زاد ذلك في مُلْكي شيئا ، يا عبادي ، لو أنَّ أوَّلَكم وآخرَكم ، وإنسَكم وجِنَّكم ، كانواعلى أفجرِ قلب رجل واحد منكم ، ما نقص ذلك من ملكي شيئا ، يا عبادي (متفق عليه)**

അപ്പോൾ ഇസ്ലാമിൽ അംഗങ്ങൾ വർധിക്കുന്നത് അല്ലാഹുവിന് പ്രത്യേകനേട്ടവും കുറയുന്നത് കോട്ടവുമല്ല. പിന്നെ എന്തിനാണ് ആളുകളെ നിർബന്ധിച്ച് അവനിൽ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത്? മുമ്പ് നിരവധി പ്രവാചകൻമാർ കടന്നു പോയിട്ടുണ്ട്. അവരിൽ ചിലർക്ക് അനുയായികളേ ഉണ്ടായിരുന്നില്ല. വേറെ ചിലർക്ക് ഒന്നോ രണ്ടോ പത്തോ മാത്രം. 950 കൊല്ലം പ്രബോധനം നടത്തിയ നൂഹി(അ)നെ 80 പേർ മാത്രമേ വിശ്വസിച്ചുള്ളൂ. അതുകൊണ്ട് അവർ അല്ലാഹുവിന് ഇഷ്ടം കുറഞ്ഞവരും അല്ലാത്തവർ കൂടിയവരും ആയോ? ഒരിക്കലും ഇല്ല. ചുരുക്കത്തിൽ ഭീഷണിപ്പെടുത്തിയോ പ്രീണിപ്പിച്ചോ മതം മാറ്റുക എന്നുള്ളത് ഇസ്ലാം ആഗ്രഹിക്കാത്തതാണ്. ഇനി വല്ല അറിവില്ലാത്തവരും അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അതിന് ഇസ്ലാം ഉത്തരവാദിയല്ല. ലൗ ജിഹാദിന്റെ കാര്യം തന്നെ എടുക്കുക. നമ്മുടെ നാട്ടിൻപ്രദേശങ്ങളിലെല്ലാം അപൂർവം ചില മുസ്ലിം ചെറുപ്പക്കാർ അമുസ്ലിം യുവതികളെയും നേരെതിരിച്ചും പ്രേമിച്ച് വിവാഹം ചെയ്ത് പിന്നെ മതം മാറ്റിയ സംഭവങ്ങൾ കാണാം. ഇതൊക്കെ സമൂഹത്തിലെ ഏതാനും സ്വാഭാവിക സംഭവവികാസങ്ങൾ എന്നതിലുപരി

**HADIA CSE Khutba Notes (07.02.2020)**

ലൗ ജിഹാദ്, നിർബന്ധിത മതപരിവർത്തനം: ഇസ്ലാം എന്തു പറയുന്നു?

ഇതിന്റെ പിന്നിലൊന്നും ഒരു ഗൂഢലക്ഷ്യം മുസ്ലിംകൾക്ക് ഒരിക്കലും ഇല്ല. പലവട്ടം ഗവർമെന്റും ഓദ്യോഗിക അന്വേഷണ ഏജൻസികളും ഇക്കാര്യം ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. ഇനി വല്ലവനും അങ്ങനെ ഒരു ലക്ഷ്യം ഉണ്ടെങ്കിൽ അത് സ്വീകാര്യവുമല്ല. ഇതാണ് ഇക്കാര്യത്തെ കുറിച്ച് പറയാനുള്ളത്. അവസാനമായി, കേരളത്തിൽ നിർബന്ധിച്ച് ഹിന്ദുക്കളെ ഇസ്ലാമിലേക്ക് മതം മാറ്റിയിരുന്ന ഒരു രാജാവിനെ പരിചയപ്പെടുത്തി സംസാരം അവസാനിപ്പിക്കാം. മറ്റാരുമല്ല, ഹൈന്ദവനായ കോഴിക്കോട്ടെ സാമൂതിരി രാജാവ്! കാരണം എന്താണെന്നല്ലേ? സാമൂതിരികൾ ഭരിച്ചിരുന്ന കാലത്ത് വിദേശികൾ കടൽമാർഗമായിരുന്നു കേരളത്തെ അക്രമിച്ചിരുന്നത്. അവരെ പ്രതിരോധിക്കണമെങ്കിൽ കടലിൽ ഇറങ്ങണം. ഹിന്ദുക്കൾക്ക് അത് ആചാര വിരുദ്ധമായിരുന്നു. എണ്ണം കുറവായത് കൊണ്ട് മുസ്ലിംകൾ മാത്രം പ്രതിരോധിച്ചാൽ മതിയാവുകയും ഇല്ല. അവസാനം തീരദേശത്ത് താമസിക്കുന്ന പല ഹൈന്ദവ കുടുംബത്തോടും  ഇസ്ലാം സ്വീകരിക്കാൻ സാമൂതിരികൾ ആവശ്യപ്പെട്ടു എന്നാണ് ചരിത്രം! അങ്ങനെ ഇസ്ലാം സ്വീകരിച്ച ചിലരുടെ പിൻതലമുറക്കാർ ഇന്നും മലബാറിൽ താമസിക്കുന്നുണ്ട്.

**ഖുതുബ നോട്ട്സ്**
**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala 676519
csehadia@gmail.com I www.hadia.in

+91 94964 45823